പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം

നം. ഇ.എക്സ്/സി.ജി.എൽ(1)/43000/2022/സി.ജി.ഇ. തീയതി: 08/02/2023

**<u>സർക്കുലർ</u>**

വിഷയം : 2023 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷ - A,B ലിസ്റ്റ് പ്രസിദ്ധീകരണം, CE Mark Entry, Cancellation പ്രവർത്തനങ്ങളുടെ തുടർനിർദ്ദേശങ്ങൾ.

സൂചന : 1) 26/11/2022 - ലെ ഇതേ നമ്പർ വിജ്ഞാപനം.
2) ഇതേ നമ്പറിൽ 31/01/2023 ലെ സർക്കുലർ.

2023 ഫെബ്രുവരി 1 ന് പ്രൊവിഷണൽ A ലിസ്റ്റ് സ്കൂൾ അധികൃതരുടെ പരിശോധനയ്ക്ക് പ്രസിദ്ധീകരിച്ച് ഫെബ്രുവരി 6 ന് വൈകിട്ട് 5 മണിവരെ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം നൽകിയിരുന്നു. സ്കൂളുകളിൽ നിന്നുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ A,B ലിസ്റ്റുകൾ iExaMS പോർട്ടലിന്റെ HM ലോഗിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. A,B ലിസ്റ്റുകളുടെ പരിശോധന ഉൾപ്പെടെ പരീക്ഷാസോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും iExaMS പോർട്ടലിലൂടെ (https://sslcexam.kerala.gov.in) നേരിട്ടാണ് നിർവ്വഹിക്കേണ്ടത്.

## 1. <u>iExaMS പോർട്ടൽ ലോഗിൻ:</u>

**പരീക്ഷാഭവൻ സ്കൂൾ കോഡാണ് HM യൂസറിന്റെ Username. ആദ്യ പാസ്‌വേഡ് സമ്പൂർണ്ണ HM ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്.** Class Teacher യൂസർമാരുടെ ലോഗിൻ വിവരങ്ങൾ (User Name, Default Password) “ Class Teacher User Credentials”എന്ന ലിങ്കിൽ ലഭ്യമാണ്.

## 2. <u>Question Paper Statement വെരിഫിക്കേഷൻ:</u>

പരീക്ഷാകേന്ദ്രങ്ങളായിട്ടുള്ള സ്കൂൾ അധികൃതർ കേന്ദ്രത്തിലേക്ക് ആവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം HM ലോഗിനിലുള്ള "Question Paper Statement Verification" എന്ന ലിങ്കിലൂടെ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത ലിങ്കിൽ ലഭ്യമാക്കിയിട്ടുള്ള ചോദ്യപേപ്പറുകളുടെ എണ്ണം ശരിയാണെങ്കിൽ Verified and found correct എന്ന ബട്ടണും, ചോദ്യപേപ്പറുകളിൽ കുറവോ അല്ലെങ്കിൽ ഏതെങ്കിലും ചോദ്യപേപ്പറിന്റെയോ എണ്ണമോ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ Verified, but need correction എന്ന ബട്ടണും ക്ലിക്ക് ചെയ്ത്

Submit ചെയ്യേണ്ടതാണ്. ചോദ്യപേപ്പറുകളുടെ എണ്ണത്തിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് വിശദീകരിച്ചുകൊണ്ടുള്ള പ്രഥമാദ്ധ്യാപകന്റെ കത്ത്, A List ന്റെ പകർപ്പ്, ചോദ്യപേപ്പർ വെരിഫിക്കേഷൻ റിപ്പോർട്ട് മറ്റ് അനുബന്ധരേഖകൾ സഹിതം അപേക്ഷ HM/SITC/ ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും സ്റ്റാഫ് നേരിട്ട് പരീക്ഷാഭവനിൽ **2023 ഫെബ്രുവരി 10 ന് വൈകിട്ട് 4** മണിയ്ക്കുള്ളിൽ സമർപ്പിക്കണം. പ്രസ്തുത ലിങ്കിലൂടെ ലഭിക്കുന്ന റിപ്പോർട്ട് പ്രിൻറ് എടുത്ത് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. DEO യിൽ നിന്നും ചോദ്യപേപ്പറുകളുടെ ശേഖരണത്തിനായി (മോഡൽ പരീക്ഷ ഉൾപ്പടെ) പ്രസ്തുത റിപ്പോർട്ട് ഉപയോഗിക്കേണ്ടതാണ്.

**3. A,B ലിസ്റ്റുകളിലെ തിരുത്തലുകൾ, ഉൾപ്പെടുത്തലുകൾ:**

അന്തിമ എ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ കണ്ടെത്തുകയാണെങ്കിൽ സമ്പൂർണ്ണയിലെ തിരുത്തലിന്റെ സമയത്തും പരീക്ഷാ രജിസ്ട്രേഷൻ സമയത്തും പ്രൊവിഷണൽ എ ലിസ്റ്റ് പ്രസിദ്ധീകരിച്ച സമയത്തും പ്രസ്തുത തെറ്റുകൾ കണ്ടെത്തി തിരുത്തൽ വരുത്താതിരുന്നതിനുള്ള ക്ലാസ്സ് ടീച്ചറുടെയും പ്രഥമാദ്ധ്യപകന്റെയും വിശദീകരണം ഉചിതമാർഗ്ഗേണ പ്രത്യേക അപേക്ഷ അനുബന്ധരേഖകളുടെ (അഡ്മിഷൻ രജിസ്റ്റർ, എ ലിസ്റ്റ്) സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്ത് പരീക്ഷാഭവനിൽ 10/02/2023 ന് വൈകിട്ട് 4 മണിക്ക് മുമ്പായി HM/SITC/ ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും സ്റ്റാഫ് നേരിട്ട് എത്തിക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതുവരെ യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല.

സർക്കാരിന്റെ പ്രത്യേക ഉത്തരവിലൂടെയോ മറ്റു വിധേനയോ A,B ലിസ്റ്റുകളിൽ ഇനിയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ്, വിദ്യാർത്ഥിയുടെ നിർദ്ദിഷ്ട വലിപ്പത്തിലുള്ള ഫോട്ടോയുടെ സോഫ്റ്റ്കോപ്പി, പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം, എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രഥമാദ്ധ്യാപകന്റെ അപേക്ഷ HM/SITC/ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും സ്റ്റാഫ് **10/02/2023 ന് വൈകിട്ട് 4 മണിക്ക് മുന്പായി** പരീക്ഷാഭവനിൽ നേരിട്ട് സമർപ്പിച്ച് ഉൾപ്പെടുത്തേണ്ടതാണ്.

**4. CE Mark Tabulation:**

CE Mark Tabulation പ്രവർത്തനങ്ങൾ 07/**02/2023 മുതൽ 10/02/2023** വരെയുള്ള സമയപരിധിയിൽ പൂർത്തീകരിക്കേണ്ടതാണ്. CE Mark Entry, Verification/Correction ക്ലാസ്സ്ടീച്ചർ യൂസർമാരാണ് നിർവ്വഹിക്കേണ്ടത്. Final Locking നിർവ്വഹിക്കേണ്ടത് HM യൂസറുമാണ്.

## 5. Cancellation:

Cancellation Entry ലിങ്ക് HM യൂസറിൽ **07/02/2023 മുതൽ 10/02/2023** വരെ ലഭ്യമാക്കുന്നതാണ്. Cancellation നടത്തുന്നതിനായി വിദ്യാർത്ഥിയുടെ രക്ഷകർത്താവ് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകൾ എന്നിവ സ്കാൻ ചെയ്ത് Cancellation Entry ലിങ്കിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ക്യാൻസലേഷനായി സ്കൂളിൽ നിന്നും ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷ പരീക്ഷാഭവനിൽ പരിശോധിച്ച് അനുവദനീയമായവ അനുവദിച്ച് ഉത്തരവായാൽ മാത്രമേ ക്യാൻസലേഷൻ നടപടി പൂർത്തിയാകുകയുള്ളൂ. ക്യാൻസലേഷൻ ഉത്തരവ് ഓൺലൈനായി HM ലോഗിനിൽ ലഭ്യമാക്കുന്നതാണ്.

## 6. Hall Ticket:

Hall Ticket ജനറേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം **14/02/2023 മുതൽ ലഭ്യമാകുന്നതാണ്.** ഹാൾടിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടികൾ അതത് പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ടതാണ്.

**2023 മാർച്ച് പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എല്ലാ പ്രഥമാദ്ധ്യാപകരും സത്വര ശ്രദ്ധ നൽകേണ്ടതാണ്.**

**പരീക്ഷാസെക്രട്ടറി**

പകർപ്പ് :

1. എല്ലാ പ്രധാനാദ്ധ്യാപകർക്കും (പരീക്ഷാഭവൻ, iExaMS വെബ്സൈറ്റുകൾ മുഖാന്തിരം)
2. എല്ലാ DEO മാർക്കും അറിവിലേക്കായി (പരീക്ഷാഭവൻ, iExaMS വെബ്സൈറ്റുകൾ - മുഖാന്തിരം)
3. സ്റ്റോക്ക് ഫയൽ.